"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ആലപ്പുഴ ജില്ലയിലെ കാർത്തികപ്പള്ളി ഗ്രാമ പഞ്ചായത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിന്നു വിരമിക്കുകയും മരണപ്പെടുകയും ചെയ്ത ശ്രീമതി. ലതിക എസ് ന്റെ കെ.പി.ഇ.പി.എഫ് അക്കൗണ്ട് തീർപ്പാക്കി, ടി തുക ടിയാളുടെ നോമിനികൾക്ക് അനുവദിച്ച് കൊണ്ട് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1380/2026/LSGD തീയതി,തിരുവനന്തപുരം, .28-07-2026

---

പരാമർശം:- പ്രിൻസിപ്പൽ ഡയറക്ടറുടെ 06.06.2023, 05.08.2025 തീയതികളിലെ LSGD/PD/6811/2023-KPF10 നമ്പർ കത്തുകൾ.

**ഉത്തരവ്**

ആലപ്പുഴ ജില്ലയിലെ കാർത്തികപ്പള്ളി ഗ്രാമ പഞ്ചായത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിന്നും 31/05/2021 ന് വിരമിക്കുകയും 17/06/2021 ന് മരണപ്പെടുകയും ചെയ്ത ശ്രീമതി. ലതിക എസ് ന്റെ കെ.പി.ഇ.പി.എഫ് അക്കൗണ്ട് തീർപ്പാക്കി, ചട്ടപ്രകാരം മകൻ അല്ലാതെ മറ്റ് കുടുംബാംഗങ്ങളാരും തന്നെ നിലവിൽ ഇല്ലാത്ത സാഹചര്യത്തിൽ, മരണപ്പെട്ട ശ്രീമതി ലതികയുടെ ഒരേ ഒരു അവകാശി എന്ന നിലയിൽ നോമിനേഷൻ പ്രകാരം മുഴുവൻ തുകയും മകന് നൽകാവുന്നതാണോയെന്ന കാര്യത്തിൽ സ്പഷ്ടീകരണം നൽകണമെന്ന് പരാമർശം (1) ലെ 6.6.2023 തീയതിയിലെ കത്ത് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

2. കാർത്തികപ്പള്ളി തഹസിൽദാർ പുറപ്പെടുവിച്ച അനന്തരവകാശ സർട്ടിഫിക്കറ്റ് പ്രകാരം മരണപ്പെട്ട ലതിക എസ്-ന് നിയമാനുസൃത അവകാശികൾ ആയി ടിയാളുടെ മകനും മരണപ്പെട്ട മകളുടെ പ്രായപൂർത്തിയാകാത്ത രണ്ടു മക്കളും ഉൾപ്പെട്ടതായി സൂചന (2) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലപ്പുഴ ജില്ലയിലെ കാർത്തികപ്പള്ളി ഗ്രാമ പഞ്ചായത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിന്നും 31/05/2021 ന് വിരമിക്കുകയും 17/06/2021 ന് മരണപ്പെടുകയും ചെയ്ത ശ്രീമതി. ലതിക എസ് ന്റെ കെ പി ഇ പി എഫ് അക്കൌണ്ട് തീർപ്പാക്കി, തുക കെ പി ഇ പി എഫ് ചട്ടപ്രകാരം KPEPF ചട്ടം 20(ബി)(1)ൽ ഇളവു വരുത്തി, മുഴുവൻ തുകയും അനന്തരാവകാശ സർട്ടിഫിക്കറ്റ് പ്രകാരം മരണപ്പെട്ട ലതിക എസ് ന്റെ മകനും മരണപ്പെട്ട നോമിനിയുടെ രണ്ട് മക്കൾക്കും തുല്യമായി നൽകുവാൻ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ.കെ അനിൽ ജോയ്

ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ , ഓഡിറ്റ് ), കേരള , തിരുവനന്തപുരം.

ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.

ഓഫീസ് പകർപ്പ്/ കരുതൽ ഫയൽ (ഇ.പി.എ2/114/2023-തസ്വഭവ നമ്പർ ഫയലിലേയ്ക്ക്).

ഉത്തരവിൻ പ്രകാരം

Digitally signed by
Noushad. S
Date: 28-07-2026
13:58:15

സെക്ഷൻ ഓഫീസർ